
[illegible]



# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ജി.ആർ.എഫ്.റ്റി.എച്ച്.എസ്. ചാവക്കാട്

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1 | റവന്യൂ ജില്ല | : തൃശ്ശൂർ |
| 2 | സ്കൂൾ കോഡ് | : 24067 |
| 3 | സ്കൂളിന്റെ പേര് | : ജി.ആർ.എഫ്.റ്റി.എച്ച്.എസ്. ചാവക്കാട് |
| 4 | മേൽവിലാസം | : പുത്തൻ കടപ്പുറം, തിരുവത്ര |
| 5 | പിൻകോഡ് | : 680516 |
| 6 | ഫോൺ നമ്പർ | : 0487-2501965 |
| 7 | ഇ.മെയിൽ അഡ്രസ്സ് | : grfths@yahoo |
| 8 | മുനിസിപ്പാലിറ്റി | : ചാവക്കാട് |
| 9 | വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| 10 | സബ് ജില്ല | : ചാവക്കാട് |
| 11 | ക്ലാസുകൾ | : എട്ട് മുതൽ പത്ത് വരെ |
| 12 | മാനേജ്മെന്റ് | : ഗവൺമെന്റ് |
| 13 | പഠനമാധ്യമം | : മലയാളം |

# ആമുഖം

1981 ൽ സ്ഥാപിതമായ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ചാവക്കാട് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടി തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഒരേയൊരു ടെക്നിക്കൽ സ്കൂളാണിത്. ചാവക്കാട് ബ്ലോക്കിലെ ഒരു ഗ്രാമപ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 8 മുതൽ 10 വരെയുള്ള ക്ലാസുകളാണ് ഈ സ്കൂളിൽ ഉള്ളത്. തുടക്കത്തിൽ ആൺകുട്ടികൾക്ക് മാത്രമാണ് ഇവിടെ പ്രവേശനം അനുവദിച്ചിരുന്നത്. എന്നാൽ ഇന്ന് പെൺകുട്ടികൾക്കും പ്രവേശനം ലഭ്യമാണ്. മലയാളമാണ് ഈ സ്കൂളിലെ പഠനമാധ്യമം. കുട്ടികൾക്ക് ആവശ്യമെങ്കിൽ ഇവിടെ താമസിച്ചു പഠിക്കാനായി ഹോസ്റ്റൽ സൗകര്യവുമുണ്ട്. കുട്ടികളുടെ സുരക്ഷയും പഠനസൗകര്യങ്ങളും ഉറപ്പു വരുത്തുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വാർഡനെയും, കെയർ ടേക്കറെയും, പാചകത്തൊഴിലാളികളെയും, വാച്ച്മാനെയും നിയമിച്ചിട്ടുണ്ട്. നിലവിൽ ഇവിടെ പ്രധാനാധ്യാപികയും 7 അധ്യാപികമാരും 1 അധ്യാപകനും ഉണ്ട്. 4 അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. പ്രവർത്തനക്ഷമമായ 3 ക്ലാസ് മുറികളും, ലൈബ്രറിയും, കമ്പ്യൂട്ടർ ലാബും, സയൻസ് ലാബും ഇവിടെയുണ്ട്. സാധാരണ സ്കൂൾ വിഷയങ്ങളോടൊപ്പം ഫിഷറീസ് സയൻസും, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഇവിടെ പഠിപ്പിക്കുന്നുണ്ട്. കുട്ടികൾക്ക് പഠനാവശ്യത്തിനു വേണ്ട എല്ലാ സാമഗ്രികളും, പോഷകസമൃദ്ധമായ ഭക്ഷണവും ഇവിടെ സൗജന്യമായി നൽകി വരുന്നുണ്ട്. എസ്. എസ്. എൽ. സി പരീക്ഷയിൽ കഴിഞ്ഞ 5 വർഷവും

തുടർച്ചയായി 100 % വിജയം ഈ സ്കൂൾ കൈവരിക്കുന്നുണ്ട്. വിശാലമായ ഗ്രൗണ്ട് കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്. സ്പോർട്സിലും കുട്ടികൾ മികച്ച വിജയം കൈവരിച്ചു പോകുന്നുണ്ട്. പഠനത്തോടൊപ്പം പാഠ്യേതരവിഷയങ്ങളിലും മികച്ച പുരോഗതി കൈവരിക്കുന്ന സ്കൂളാണിത്. വിവിധ ക്ലബ് പ്രവർത്തനങ്ങളും സ്കൂൾ ഉന്നമനത്തിനും കുട്ടികളുടെ പുരോഗതിക്കായും പ്രവർത്തിച്ചു വരുന്നു. മികച്ച പിന്തുണയുള്ള സ്കൂൾ പിടിഎ യും ഈ സ്കൂളിന്റെ അഭിമാനമാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

### ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പ് വരുത്തുക.
* എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.
* എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് സന്ദർഭപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
* സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജനപ്പെടുത്തുക.
* മുഴുവൻ കുട്ടികൾക്കും സർഗ്ഗാത്മകരചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക.
* സെമിനാർ / ശില്പശാല / ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക.

### അക്കാദമിക പ്രവർത്തനങ്ങൾ

* മലയാളത്തിളക്കം, ശബ്ദ പദകാർഡ് വായന, ചിത്രപദകാർഡ് വായന, വായനാമത്സരം, നിഘണ്ടുനിർമ്മാണം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, പുസ്തകത്തെ പരിചയപ്പെടുത്തൽ (സ്കൂൾ തലം)
* പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം (ക്ലാസ് തലം)
* വായനാക്കുറിപ്പ് മത്സരം (സ്കൂൾ തലം) പത്രവാർത്ത തയ്യാറാക്കൽ, എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം, അസംബ്ലിയിൽ പ്രഭാഷണം അവതരിപ്പിക്കുക (സ്കൂൾ തലം)

* പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ, കവിതാരചന, കഥാരചന, സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ, കവിത രചിക്കുന്നു. വർക്ക്ഷീറ്റ്, പാഠവായന, ന്യൂസ് പേപ്പർ വായന, ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, നാടൻപാട്ട് അവതരണം.

* എന്റെ ഡയറി, യാത്രാവിവരണം, ഓർമ്മക്കുറിപ്പുകൾ, വർണ്ണന, നാടകരചന, ഷോർട്ട്ഫിലിം നിർമ്മാണം etc..

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | [illegible] | |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം – കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം ജൂൺ / ജൂലായ് | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല സന്ദർശനം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്. | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ. അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| | 9. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10. ദിനാചരണം<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനകൾ<br>12. ആസ്വാദകരമായ വായന<br>13. ഇ. വായന | | | |
| 3) കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തകചർച്ച<br>3. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>4. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>5. വ്യക്തിഗത രചന, സംഘരചന<br>6. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, | പി.ടി.എ. അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ.<br>4. അവതരണത്തിനുള്ള വേദി ഒരുക്കൽ | 6 മാസം (ജൂലായ് – ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ. |

മേഖല : ഭാഷാവിഷയങ്ങൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ. | P.T.A, ടീച്ചേഴ്സ് | പി.ടി.എ മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Profile തയ്യാറാക്കൽ.<br>English day ആചരണം.<br>Role Play. Seminar ചർച്ചകൾ | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് SRG | ഇംഗ്ലീഷ് ക്ലബ് മാനേജ്മെന്റ്. |
| 3) സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | അക്ഷരകാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ English പത്രവായന, ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News Reading Competitions. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| 4) നാടകീകരണം | → English Assembly, English Lab<br>പാഠഭാഗങ്ങളിൽ നിന്ന് ആശയങ്ങൾ കണ്ടെത്തി skit, കഥാപ്രസംഗം എന്നിവ നടത്തുകയും അവതരിപ്പിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങൾ | SRG മീറ്റിംഗിൽ | പി.ടി.എ |
| 5) കവിതാ രചനയും കവിതാലാപനത്തിനും പ്രോത്സാഹിപ്പിക്കുന്നു. | → ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br>കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു.<br>Book reviews തയ്യാറാക്കുന്നു. | ക്ലാസ് പ്രവർത്തനങ്ങൾ<br>വൈകുന്നേരം ഒഴിവുസമയങ്ങൾ | ടീച്ചേഴ്സ്, പി.ടി.എ SRG<br>ടീച്ചേഴ്സ് പി.ടി.എ SRG | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ് |
| 6. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | | വർഷത്തിൽ രണ്ട് പ്രാവശ്യം | വൈകുന്നേരം (ഓണം, ക്രിസ്മസ്) | പി.ടി.എ. SRG മാനേജ്മെന്റ് |
| 7. സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളുമായി Debate | ക്ലാസ്റൂം പ്രവർത്തനം | ടീച്ചേഴ്സ്. | ഇംഗ്ലീഷ് ക്ലബ് |
| 8. Tongue Twister practice. | → | ക്ലാസ്റൂം പ്രവർത്തനം | | ഇംഗ്ലീഷ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26
# ഹിന്ദി

## ഹിന്ദി വായന

ലക്ഷ്യം : ഹൈസ്കൂൾ തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ : ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കുട്ടികളുടെ അധിക-വായന ലക്ഷ്യമാക്കികൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഒരു ഹിന്ദി ഗ്രന്ഥശാല ഒരുക്കുക.

വലിയ അക്ഷരങ്ങളോടു കൂടിയതും, വർണ്ണ ചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാ പുസ്തകങ്ങൾ, ചിത്രകഥകൾ ബാലമാസികകൾ മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയ-പ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും, ഗ്രന്ഥശാലയിൽ ലഭ്യമാക്കുക.

വായന കാർഡുകൾ തയ്യാറാക്കൽ — ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായന കാർഡുകൾ തയ്യാറാക്കുക ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും, പേരുകളും ചേർക്കുക.

ഹിന്ദി സാഹിത്യകാരന്മാർ, കവികൾ, ലേഖകർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് വായനക്കായി ഒരുക്കുക, ബാലഗീതങ്ങൾ ഹിന്ദി ശേഖരിച്ച് വായനക്കായി ഒരുക്കുക.

## ഹിന്ദി എഴുത്ത്

പ്രവർത്തനങ്ങൾ

\# കോപ്പിബുക്ക് - അധിക വായന നടത്തുന്ന

വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള അക്ഷരങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും. ഗീതങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പിബുക്ക് ഉപയോഗിക്കും.

\# പ്രദർശന സാമഗ്രികൾ ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും. A4ൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കാം.

## ഹിന്ദി അസംബ്ലി

പ്രവർത്തനങ്ങൾ — അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും.

ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. ഓരോ ആഴ്ചകളിലേയ്ക്കും പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം, ജന്മദിനാശംസാഗീതം തുടങ്ങിയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും എല്ലാ വിദ്യാർത്ഥികൾക്കും അവതരണത്തിനുള്ള അവസരം ലഭിക്കും.

## ഹിന്ദി മത്സരങ്ങൾ

\# ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. കവിതാരചന, പ്രസംഗം, കവിതാപാരായണ മത്സരങ്ങൾ നടത്തും. സമ്മാനങ്ങൾ നൽകും.

## പുരണങ്ങൾ

പ്രവർത്തനങ്ങൾ :- ഹിന്ദി ദിനം, പരിസ്ഥിതിദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദിഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുക കുട്ടികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദി സാന്നിധ്യം ഉറപ്പ് വരുത്തും.

## ഹിന്ദി ക്ലബ്

പ്രവർത്തനങ്ങൾ :- വിദ്യാലയത്തിലെ ഹിന്ദി പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായും ഹിന്ദി ക്ലബ് ക്ലാസ് തലത്തിലും, വിദ്യാലയ തലത്തിലും രൂപീകരിക്കും. പ്രസിഡന്റ്, സെക്രട്ടറി, മൂന്ന് കമ്മിറ്റി അംഗങ്ങൾ അങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും.

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനങ്ങൾ :- ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രവ്യസാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും. ഹിന്ദി ടൈപ്പിങ്ങിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും.

## 8. ഹിന്ദി ഫെസ്റ്റ്

\# പ്രവർത്തനങ്ങൾ :- ഹിന്ദി ഭാഷയിലോ, ഹിന്ദിപഠനത്തോടനുബന്ധിച്ചോ വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. അധ്യാപനത്തിലോ, സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉദ്ഘാടനം നടത്തും കൂടുതൽ പേർക്ക് പങ്കാളികളാവാൻ അവസരം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഇനങ്ങൾക്ക് പ്രാധാന്യം നൽകും

## സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| STD 8 | | |
| • മണ്ണിന്റെ പ്രാധാന്യം മനസ്സിലാക്കി മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദമാക്കുന്നു. | • മണ്ണ് ശേഖരണം നടത്തുന്നു. മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു. | ജൂൺ - ഓഗസ്റ്റ് |
| • ജല സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിന് | • ജലമലിനീകരണത്തിന്റെ ചിത്രീകരണം നടത്തുന്നു | ജനുവരി - മാർച്ച് |
| STD 9 | | |
| • ഇന്ത്യയിലെ പ്രധാന നദികളുടെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | • ഇന്ത്യയിലെ പ്രധാന നദികളുടെ ചിത്രീകരണ കട്ടൗട്ട് നിർമ്മിക്കുന്നു | ജൂൺ - ഓഗസ്റ്റ് |
| • രാജ്യത്തിന്റെ ഭരണ-ഭരണഘടനാ-സ്ഥാപനങ്ങൾ നിയമവ്യവസ്ഥ എന്നിവ മനസ്സിലാക്കാനും അവയോട് ആദരവുമുള്ള മനോഭാവം വളർത്തിയെടുക്കുന്നു. | • തെരഞ്ഞെടുപ്പ് നടത്തുന്നു (ക്ലാസ് ലീഡർ) ഭരണ-ഭരണഘടനാസ്ഥാപനങ്ങളായ നിയമനിർമ്മാണ സഭ, പാർലമെന്റ്, കോടതി എന്നിവയുടെ പ്രവർത്തനങ്ങൾ പറ്റി ക്ലിപ്പ് നിർമ്മിക്കുന്നു | സെപ്റ്റംബർ - ഡിസംബർ |

| | | |
|---|---|---|
| • കേന്ദ്ര സർക്കാർ ചുമത്തുന്ന നികുതികൾ, സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതികൾ, തദ്ദേശ സ്വയംഭരണ സർക്കാരുകൾ ചുമത്തുന്ന നികുതികൾ എന്നിവ മനസ്സിലാക്കുന്നതിന് | • GST Bill കൾ ശേഖരിക്കുന്നു | • സെപ്റ്റംബർ – ഡിസംബർ |
| • വിവിധ ഋതുക്കൾ ഓരോന്നോരോന്നും ഓരോ ഋതുവിലും അന്തരീക്ഷത്തിലും പരിസ്ഥിതിയിലുമുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെ എന്നും നിരീക്ഷിച്ച് വിശദീകരിക്കുന്നു. | • വിവിധ കാലാവസ്ഥകളിലെ പ്രകൃതി ദൃശ്യങ്ങളുടെ ചിത്രശേഖരണം | ജൂൺ – ഓഗസ്റ്റ് |
| • ഇന്ത്യൻ ദേശീയ വളർച്ചയിൽ നേതൃത്വങ്ങൾക്കുള്ള പങ്ക് കണ്ടെത്തുന്നു. | • പ്രധാന നേതൃത്വങ്ങളെ ഇന്ത്യ രൂപരേഖയിൽ അടയാളപ്പെടുത്തുന്നു. | ജനുവരി – മാർച്ച് |

അക്കാദമിക മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭവം |
|---|---|---|---|---|
| ശാസ്ത്ര അവബോധം- ശാസ്ത്രപഠനത്തിനുതകുന്ന നിരീക്ഷണ പാടവം, ജിജ്ഞാസ, ആത്മകം, നിരന്തരമായ അന്വേഷണം എന്നിവ പരിപോഷിപ്പിക്കുക; ശാസ്ത്രലോകവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവ് നേടുക. | ശാസ്ത്രാവബോധവും [illegible] വളർത്തുന്ന ലഘുപരീക്ഷണങ്ങൾ നടത്താനുള്ള അവസരങ്ങൾ നൽകുന്നു. പഠനോപകരണങ്ങളും അതുമായി ബന്ധപ്പെട്ട മാതൃകകളും നിർമിക്കാൻ ആവശ്യമായ നിർദേശങ്ങളും പ്രോത്സാഹനവും സഹായങ്ങളും നൽകുന്നു. | അക്കാദമിക വർഷം 1 | സയൻസ് അധ്യാപിക | P. T. A. സയൻസ് ക്ലബ്ബ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം:- പ്രകൃതിയുമായി ബന്ധപ്പെട്ടുള്ള ജീവിതശൈലി സ്വീകരിക്കാനുള്ള മാർഗങ്ങളും നിർദേശങ്ങളും ഹരിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ, മാലിന്യസംസ്കരണം. | പരിസ്ഥിതിയെ സഹായിക്കുന്ന ദൈനംദിന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുക, പ്ലാസ്റ്റിക് നിരോധനം പരമാവധി കുറക്കൽ- (ഹരിതസേനക്ക് കൈമാറൽ) | അക്കാദമിക വർഷം 1. | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപിക | രക്ഷകർത്താക്കൾ PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| | പച്ചക്കറി തോട്ടം നിർമ്മിക്കൽ, തണൽ വൃക്ഷങ്ങൾ നടൽ, പ്രകൃതി സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള യാത്ര, പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.. | അക്കാദമിക വർഷം 1. | സയൻസ് അധ്യാപിക, (സയൻസ് ക്ലബ്ബ്) | സയൻസ് ക്ലബ്ബ്, PTA. |
| വൈജ്ഞാനിക ബഹിർസ്ഫുരണം, അന്വേഷണ തൃഷ്ണ, അറിവ് നേടൽ | ശാസ്ത്രപഥ പ്രവർത്തനങ്ങൾ YIP, Inspire അവാർഡ് എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | അക്കാദമിക വർഷം 1. | സയൻസ് ക്ലബ്ബ്, അധ്യാപിക | PTA രക്ഷിതാക്കൾ |
| ഹൈടെക് വേൾഡ് - മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം | ശാസ്ത്ര ലൈബ്രറി ഒരുക്കൽ, ശാസ്ത്രമാസിക തയ്യാറാക്കൽ, ശാസ്ത്രദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ. | അക്കാദമിക വർഷം 1 | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ് PTA |

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ വിഭാഗം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | മുന്നറിവുകൾ പരിശോധിക്കാൻ ടെസ്റ്റ് നടത്തുക | ജൂൺ ആദ്യവാരം | അധ്യാപിക | | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപിക | പി.ടി.എ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങൾ ബോധ്യപ്പെടുത്തൽ | ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്യുന്നു. അധ്യാപിക നിർദ്ദേശങ്ങൾ നൽകുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപിക | | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ കുട്ടികൾ ഉണ്ടാക്കി പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക | | |
| ഗണിതത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ക്ലബ്ബ് പ്രവർത്തനങ്ങൾ | ഒരു ടേമിൽ ഒന്ന് | അധ്യാപിക | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മത്സര വേദിയിലേക്ക് : ആവശ്യമായ കാര്യങ്ങൾ പരിചയപ്പെടൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ (ഉദാ: ഗണിത പ്രശ്നോത്തരി സംഘടിപ്പിക്കൽ) | അക്കാദമിക വർഷം | ക്ലബ്ബ് ഭാരവാഹികൾ അധ്യാപിക | പി.ടി.എ |

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഫിഷറീസ് സയൻസ് 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തി വിശകല |
|---|---|---|---|---|
| 1. സ്കൂൾ തലത്തിൽ മത്സ്യശാസ്ത്രം പഠിക്കാൻ അവസരം ഉണ്ടാക്കുക. | മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളായ മത്സ്യസംസ്കരണം, ജലകൃഷി, ഫിഷിംഗ് ക്രാഫ്റ്റ് ആന്റ് ഗിയർ ടെക്നോളജി, മറൈൻ എഞ്ചിനുകളുടെ പ്രവർത്തനവും പരിപാലനവും എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം. | ഫിഷറീസ് സയൻസ് ടീച്ചർ | ആവശ്യമു |
| 2. ഉന്നത പഠനത്തോടൊപ്പം മത്സ്യമേഖലയിൽ തൊഴിൽ കണ്ടെത്തുവാനും, തൊഴിലിൽ മികവ് പുലർത്താനും ഉള്ള അവസരങ്ങൾ. | ഫിഷറീസ് സയൻസുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകളുടെ വിവരങ്ങൾ. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം. | ഫിഷറീസ് സയൻസ് ടീച്ചർ. | ആവശ്യമു |
| 3. വിവിധ ജല കൃഷി രീതികൾ, മത്സ്യമൂല്യവർദ്ധിത ഉത്പന്നങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള പഠനം | . അക്വേറിയ സെറ്റിംഗ്. - പഠനയാത്ര - വിവിധ മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ, ജലകൃഷി ഫാമുകൾ, മത്സ്യസംസ്കരണ ഫാക്ടറികൾ, തീറ്റ ഫാക്ടറി സന്ദർശനം. | അക്കാദമിക വർഷം. | ഫിഷറീസ് സയൻസ് ടീച്ചർ. | ആവശ്യമു |